**MOST URGENT / FLOOD RELIEF**

**കേരള സർക്കാർ**

സംഗ്രഹം

ത.സ്വ.ഭ.വ. - പ്രളയ ദുരിതാശ്വാസം - കേരളം ഇപ്പോൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രളയംമൂലം വെള്ളംകയറി നശിച്ച വീട്ടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവ ഉപയോഗയോഗ്യമാക്കി നൽകുന്നതിന് സ്വീകരിക്കേണ്ട അടിയന്തരനടപടികൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ.2288/2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 19.08.2018.

---

പരാമർശം :- (1) സ.ഉ. (സാധാ) 2267/2018/തസ്വഭവ തീയതി 17.08.2018.

(2) സർക്കുലർ നമ്പർ 389/ഡി.സി.3/2018/തസ്വഭവ തീയതി 18.08.2018.

(3) 19.08.2018 ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ.

## ഉത്തരവ്

കേരളം ഇപ്പോൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന മഴക്കെടുതിയും പ്രളയവുംമൂലം സംസ്ഥാനത്ത് വ്യാപകമായി വീട്ടുകളും സ്ഥാപനങ്ങളും പൊതുസ്ഥലങ്ങളും വെള്ളവും ചെളിയും മാലിന്യവും കയറി വാസയോഗ്യവും ഉപയോഗ്യയോഗ്യവുമല്ലതായി തീർന്നിരിക്കുകയാണ്. വെള്ളപ്പൊക്കത്തിന്റെ തീവ്രത കുറഞ്ഞുവരുന്ന സാഹചര്യത്തിൽ പ്രളയബാധിത പ്രദേശങ്ങളിലെ വീട്ടുകളും, സ്ഥാപനങ്ങളും, കുടിവെള്ള സ്രോതസുകളും, പൊതുസ്ഥലങ്ങളും ശുചിയാക്കി ജനങ്ങളുടെ ആരോഗ്യവും ശുചിത്വവും ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾക്ക് മുൻഗണന നൽകേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ വെള്ളപ്പൊക്കവും മഴക്കെടുതിയും ശമിച്ചാലുടൻതന്നെ അടിയന്തരമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

i. വെള്ളപ്പൊക്കത്തിൽ വീട് വിട്ട് മാറിതാമസിക്കേണ്ടിവന്നവരുടെ എല്ലാ വീട്ടുകളും, തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറി കിട്ടിയ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ, പൊതു സ്ഥലങ്ങൾ തുടങ്ങിയവയും ചെളിയും മാലിന്യങ്ങളും മാറ്റി ശുചിയാക്കി വാസയോഗ്യമാക്കേണ്ടതിന്റെ പൂർണ്ണ ഉത്തരവാദിത്വം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വമിഷൻ, ഹരിതകേരളം മിഷൻ തുടങ്ങിയവരുടെ പിന്തുണയോടെ ശുചീകരണ പ്രവൃത്തികൾ വെള്ളമിറങ്ങിയ സ്ഥലങ്ങളിൽ അടിയന്തരമായി ഏറ്റെടുത്ത് നടത്തേണ്ടതാണ്.

ii. വെള്ളപ്പൊക്കത്തിൽ ജീവഹാനി സംഭവിച്ച മൃഗങ്ങളുടെ ശവശരീരങ്ങൾ പ്രത്യേകമായി മറവുചെയ്യേണ്ടതാണ്.

iii. ശുചീകരണത്തിനായി വാർഡ് തലത്തിൽ വോളന്റിയേഴ്സ് ടീം രൂപീകരിക്കേണ്ടതും ശുചീകരണ പ്രവൃത്തികൾക്കാവശ്യമായ ഉപകരണങ്ങൾ (മൺവെട്ടി, മൺകോരി, ചൂല്, ഇരിമ്പ് ചട്ടി, റബ്ബർ കുട്ട, ഗ്ലൗസ്, ഗംബൂട്ട്സ് മുതലായവ) വാടകയ്ക്ക് എടുക്കുകയോ

വാങ്ങുകയോ ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.

iv. ശുചീകരണ പ്രവർത്തനങ്ങൾക്കായി രൂപീകരിച്ചിട്ടുള്ള വാർഡുതല വോളന്റിയേഴ്സ് ടീമുകളിലേയ്ക്ക് വീടുകളുടെ / സ്ഥാപനങ്ങളുടെ എണ്ണത്തിനനുസരിച്ച് സന്നദ്ധ- സാമൂഹ്യ സംഘടനകളുടെയും രാഷ്ട്രീയ പാർട്ടികളുടെ വിദ്യാർത്ഥി - യുവജന സംഘടനകളുടെയം, എൻ.എസ്.എസ്., എൻ.സി.സി., യൂത്ത് ക്ലബുകൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്സ്, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾ തുടങ്ങിയവരുടെയും സേവനം ഉറപ്പ് വരുത്തേണ്ടതാണ്.

v. ശുചീകരണത്തിനായി മതിയായ എണ്ണം ആൾക്കാരെ കിട്ടാതെ വരുന്ന സാഹചര്യങ്ങളിൽ അന്യസംസ്ഥാന തൊഴിലാളികൾ ഉൾപ്പടെയുള്ളവരെ ദിവസവേതനത്തിൽ ജോലിക്ക് നിയോഗിക്കാവുന്നതാണ്.

vi. പ്രളയബാധിതമായ പഞ്ചായത്ത് / നഗരസഭ / കോർപ്പറേഷനോട് തൊട്ട് ചേർന്ന് സ്ഥിതിചെയ്യുന്ന നിലവിൽ പ്രളയം വലിയതോതിൽ ബാധിച്ചിട്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ അവശ്യ സാധനങ്ങൾ പ്രളയ ബാധിത പ്രദേശങ്ങളിൽ / ക്യാമ്പുകളിൽ എത്തിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ ചെയ്യേണ്ടതാണ്.

vii. ദുരിതാശ്വാസക്യാമ്പുകളിൽ മതിയായ എണ്ണം ശുചിമുറികൾ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ബയോ ടോയ് ലറ്റുകൾ, താൽകാലിക ശുചിമുറികൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ ശുചിത്വമിഷൻ സ്വീകരിക്കേണ്ടതാണ്.

viii. ശുചീകരണ പ്രവർത്തനങ്ങൾക്കായി ആരോഗ്യവകുപ്പിൽ നിന്നും ലഭിക്കുന്ന ശുചീകരണ സാമഗ്രികൾ (ബ്ലീച്ചിംഗ് പൗഡർ മുതലായവ) മതിയാകാതെ വരുന്ന സന്ദർഭങ്ങളിൽ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പുറമെ നിന്ന് വാങ്ങാവുന്നതാണ്.

ix. കിണറുകൾ ആരാഗ്യവകുപ്പ് നിർദ്ദേശിക്കുന്ന രീതിയിൽ ശുചീകരണം (well sanitation) നടത്തി ഉപയോഗ യോഗ്യമാക്കുന്നതിന് പ്രത്യേക പരിഗണന നൽകേണ്ടതാണ്.

x. വീടുകളിലും സ്ഥാപനങ്ങളിലും മറ്റും വെള്ളം കയറി ഉപയോഗ ശൂന്യമായ വസ്തുക്കളിൽ ജൈവമാലിന്യങ്ങൾ തരംതിരിച്ച് ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കേണ്ടതും, അജൈവമാലിന്യങ്ങൾ ശേഖരിച്ച് തൽക്കാലം പ്രത്യേകമായി സൂക്ഷിക്കുകയും പിന്നീട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറേണ്ടതുമാണ്.

xi. പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഉപകരണങ്ങളും വേതനവും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

xii. സ്വച്ഛ്ഭാരത് മിഷൻ (ഗ്രാമീൺ) ഘടകത്തിൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിലെ കേട് വന്ന ശൗചാലയങ്ങൾ പുതുക്കിപണിയുന്നതിന് ആവശ്യമായ നടപടികൾ ശുചിത്വമിഷൻ സ്വീകരിക്കേണ്ടതാണ്. അതുപോലെ സ്വച്ഛ്ഭാരത് മിഷൻ (അർബൻ) ഘടകത്തിൽ ഉൾപ്പെടുത്തി നഗരപ്രദേശങ്ങളിലെ ശൗചാലയങ്ങളിലും ആവശ്യമായ അറ്റകുറ്റപണികൾ നടത്തേണ്ടതാണ്.

xiii. പ്രളയബാധിത പ്രദേശങ്ങളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ അസിസ്റ്റന്റ് സെക്രട്ടറിമാരെയും, നഗരസഭകളിൽ ഹെൽത്ത് ഓഫീസർ / ഹെൽത്ത് സൂപ്പർവൈസർ / ഹെൽത്ത് ഇൻസ്പക്ടർമാരെയും ചുമതലപ്പെടുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളിലും ഹെൽത്ത് ഇൻസ്പക്ടർമാരുടെ പങ്കാളിത്തം ഉറപ്പാക്കണം.

xiv. ഗ്രാമവികസന വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ബ്ലോക്ക് തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതാണ്. ഇതിന്റെ ഔദ്യോഗിക ചുമതല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കായിരിക്കും.

xv. പ്രളയബാധിത പ്രദേശങ്ങളിൽ കെട്ടിക്കിടക്കുന്ന പ്ലാസ്റ്റിക്കുകൾ, പ്ലാസ്റ്റിക് കുപ്പികൾ, ഗ്ലാസ്, മെറ്റൽ, റബ്ബർ, ലെതർ തുടങ്ങിയവ പ്രത്യേകം ശേഖരിക്കേണ്ടതും, തൽക്കാലം

സൂക്ഷിച്ചുവച്ച് പിന്നീട് ക്ലീൻ കേരള കമ്പനിയുടെ പിന്തുണയോടെ കൈമാറ്റം ചെയ്യേണ്ടതുമാണ്.

മേൽ പറഞ്ഞ പ്രകാരം ശുചീകരണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ ഇതോടൊപ്പം ഉളളടക്കം ചെയ്തിരിക്കുന്ന ശുചിത്വമിഷൻ നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. ജില്ലാ-ബ്ലോക്ക് പഞ്ചായത്ത് സമിതികളുടെ സജീവ പിന്തുണ മേൽ കാര്യങ്ങളിൽ ഉറപ്പാക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
റ്റി.കെ.ജോസ്,
അഡീഷണൽ ചീഫ് സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് വൈസ്ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ.
എല്ലാ ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷൻമാർക്കും സെക്രട്ടറിമാർക്കും.
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും.
(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻ / ചെയർപേഴ്സൺ / സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ ഇന്നുതന്നെ പ്രസിദ്ധപ്പെടുത്തുന്നതിന്)
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വ്യാപകമായ പ്രചരണത്തിനും സംസ്ഥന സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും)
ഓഫീസ് കോപ്പി / കരുതൽ ഫയൽ

പകർപ്പ് :-
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ആരോഗ്യവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
ആരോഗ്യകുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി (റൂറൽ) യുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി(അർബൻ)യുടെ സി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിമാരുടെ സി.എ..മാർക്ക്.
തദ്ദേശസ്വയംഭരണ (ഡി.എ)/(ഡി.ബി) വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.യ്ക്ക്.
തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ് അണ്ടർസെക്രട്ടറി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.

## നഗര - പഞ്ചായത്ത് പ്രദേശങ്ങളിൽ നടത്തേണ്ട ശുചീകരണ മാർഗ്ഗ നിർദ്ദേശങ്ങൾ

മഴക്കെടുതിയെ തുടർന്ന് വെള്ളം കയറി നാശോൻമുഖമായ ഇടങ്ങൾ പൂർണ്ണമായും ശുചീകരിച്ച് ഉപയോഗയോഗ്യമാക്കേണ്ടതുണ്ട്. ഇതിനായി താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ സ്വീകരിക്കേണ്ട താണ്.

1. ഒരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും ശുചീകരണ പ്രക്രിയയ്ക്ക് ഉപദേശ നിർദ്ദേശങ്ങൾ നൽകുന്നതിന് ഒരു ശുചിത്വകാമ്പയിൻ പ്രതിനിധിയെ(ഹരിത കേരളം മിഷൻ കോർഡിനേറ്റർ, ശുചിത്വമിഷൻ ഉദ്യോഗസ്ഥർ, ഗ്രാമവികസന വകുപ്പ് ഉദ്യോഗസ്ഥർ, ആർ പി മാർ തുടങ്ങിയവരിൽ ആരെങ്കിലും ഒരാൾ) ലഭ്യമാക്കണം. ഇവർക്കായിരിക്കും ശുചീകരണപ്രവർത്തനത്തിന്റെ സംഘാടന ചുമതല.

2. നഗരഭരണ പ്രദേശത്ത് ഹെൽത്ത് ഓഫീസർ, ഹെൽത്ത് സൂപ്പർവൈസർ അല്ലെങ്കിൽ ഹെൽത്ത് ഇൻസ്പെക്ടർക്കും, ഗ്രാമ പഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറിക്കും ആയിരിക്കും ശുചീകരണ പ്രക്രിയ ഏകോപിപ്പിക്കുന്നതിനുള്ള പൂർണ്ണ ചുമതല. ഗ്രാമ പഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പങ്കാളിത്തവും ഉറപ്പാക്കണം.

3. വാർഡ് അടിസ്ഥാനത്തിലാണ് ശുചീകരണ പ്രവർത്തനം ഏറ്റെടുക്കേണ്ടത്. ഇതിനായി എല്ലാ വീടുകളിലും എത്തി ശുചീകരണ പ്രവർത്തനം നടത്തേണ്ട താണ്. ഓരോ വാർഡിലും ര ണ്ടോ മൂന്നോ ദിവസം കൊണ്ട് എല്ലാ വീടുകളിലും ശുചീകരണം പ പൂർത്തിയാക്കുകയും വേണം. ഇതിനായി വലിയതോതിൽ വോളന്റിയർമാരെ ഓരോ വാർഡിലും സംഘടിപ്പിക്കണം. വാർഡ് മെമ്പറിന്റെ നേതൃത്വത്തിലായിരിക്കണം പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടത്. കുറഞ്ഞത് 5 പേരുള്ള 10 സ്ക്വാഡ് എങ്കിലും ഓരോ വാർഡിലും സംഘടിപ്പിക്കണം. നഗരപ്രദേശങ്ങളിൽ സ്ക്വാഡുകളുടെ എണ്ണം ഇരട്ടിയാക്കണം. ഇതിനായി ഓരോ വാർഡിലുമുള്ള ശുചിത്വ ആരോഗ്യ സമിതി, കുടുംബശ്രീ പ്രവർത്തകർ, എൻ.എസ്സ്.എസ്സ് വോളന്റിയർമാർ, വിദ്യാർത്ഥികൾ, യുവജനങ്ങൾ, യൂത്തക്ലബ് അംഗങ്ങൾ, ആശാ പ്രവർത്തകർ, തൊഴിലാളി സംഘടനകൾ, തൊഴിലുറപ്പ് തൊഴിലാളികൾ, കാർഷിക കർമ്മ സേന സന്നദ്ധ പ്രവർത്തകർ, സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ, അംഗനവാടി വർക്കർമാർ/ഹെൽപ്പർമാർ തുടങ്ങിയവരിൽ നിന്നും ഇവരെ ക ണ്ടെത്തണം. സ്ക്വാഡുകൾക്ക് അവർ പോകേണ്ട വാർഡിന്റെ വിവിധ ഭാഗങ്ങളിലുള്ള വീടുകളും സ്ഥാപനങ്ങളും നിർണ്ണയിച്ച് നൽകണം.

4. തൊഴിലുറപ്പ് സംവിധാനത്തിൽ നിന്നും, കാർഷിക കർമ്മ സേനയിൽ നിന്നും ഓരോ സ്ക്വാഡിനും വേണ്ട ശുചീകരണ ഉപകരണങ്ങൾ (മൺ വെട്ടി, തൂമ്പ, മൺകോരി, മണ്ണ് കോരാനുള്ള ചട്ടി, വാക്കത്തി, ബക്കറ്റ് ആവശ്യമുള്ള മറ്റ് ഉപകരണങ്ങൾ)

പ്രാദേശികമായി സംഘടിപ്പിക്കേണ്ട താണ്. ലഭ്യമല്ലായെങ്കിൽ പ്രാദേശികമായി അവ വാടകയ്ക്ക് എടുക്കുകയോ വിലയ്ക്ക് വാങ്ങുകയോ ചെയ്യേണ്ട താണ്.

5. ശുചീകരണത്തിന് വേണ്ടിവരുന്ന ബ്ലീച്ചിംഗ് പൗഡർ സ്ഥലത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ നിന്ന് ശേഖരിക്കണം. ഇത് ലഭ്യമല്ലായെങ്കിൽ പ്രാദേശികമായി ഇവ വാങ്ങേണ്ട താണ്.

6. രൂപീകരിച്ച സ്ക്വാഡുൾക്ക് വിവിധ ക്ലീനിംഗ് പ്രവർത്തനങ്ങൾ എപ്രകാരം ചെയ്യാം എന്ന് അധികം സമയമെടുക്കാതെ ലഘുവായി വിശദീകരിച്ച് നൽകണം

7. ഓരോ വീടുകളിലും അംഗൻവാടി, ആശുപത്രി, സ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങളിലും എത്തുന്ന ശുചീകരണ സന്നദ്ധ പ്രവർത്തകർ താഴെ പറയുന്ന രീതിയിൽ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

   a. വീടുകളുടെ ചുറ്റിനും ഉള്ളിലും പരിശോധിച്ച് ഇഴജന്തുക്കളും മറ്റ് ജീവികളും ഇല്ലായെന്ന് ഉറപ്പാക്കണം. ചത്ത് കിടക്കുന്ന മൃഗങ്ങളെ വെള്ളകെട്ടില്ലാത്ത പ്രദേശത്ത് കുഴിയെടുത്ത് സംസ്കരിക്കണം.

   b. വീടിനകത്തും പുറത്തും ടോയിലെറ്റിലും അടിഞ്ഞ് കൂടിയിട്ടുള്ള മണ്ണും ചെളിയും മറ്റ്മാലിന്യങ്ങളും വാരി പറമ്പിന്റെ മൂലയ്ക്ക് സുരക്ഷിതമായി നിക്ഷേപിക്കണം.

   c. ഇപ്രകാരം ശേഖരിച്ച മാലിന്യത്തിൽ പ്ലാസ്റ്റിക്കോ, കുപ്പികളോ, ഉണ്ടെങ്കിൽ അവ വൃത്തിയാക്കി ചാക്കിൽ കെട്ടി സൂക്ഷിച്ചു വെക്കണം. പിന്നീട് അത് ശേഖരിക്കുന്നതാണ്.

   d. വീടുകളിൽ നനഞ്ഞ ഉപയോഗശൂന്യമായിട്ടുള്ള കിടക്കൾ, തുണികൾ ഫർണീച്ചറുകൾ തുടങ്ങിയവ വീടിന് പുറത്ത് ഉണക്കാൻ സൗകര്യത്തിനായി വയ്ക്കേണ്ട താണ്.

   e. വീടിന്റെ ഉൾവശവും, വരാന്തയിലും ഭിത്തികളിലും വെള്ളം ഉപയോഗിച്ച് കഴുകി വൃത്തിയാക്കേണ്ട താണ്. പ്രഷർ പമ്പ് ഉ ണ്ടെങ്കിൽ അത് ഉപയോഗിക്കാവുന്നതാണ്.

   f. കെട്ടിടത്തിന്റെ സമീപത്തുള്ള കിണറുകളും, ജലസംഭരണികളും ബ്ലീച്ചിംഗ് പൗഡറുപയോഗിച്ച് ക്ലോറിനേഷൻ നടത്തണം. കിണറിലെ ഒരു മീറ്റർ ആഴത്തിലുള്ള വെള്ളത്തിന് രണ്ട് റ്റീസ്പൂൺ ബ്ലീച്ചിംഗ് പൗഡർ എന്ന കണക്കിൽ ഒരു

ബക്കറ്റിൽ രണ്ട് ലിറ്റർ വെള്ളത്തിൽ കലക്കി വെച്ചതിന് ശേഷം തെളിഞ്ഞ ലായനി കിണറ്റിലൊഴിച്ച് ഇളക്കണം. ആദ്യത്തെ ക്ലോറിനേഷന് ഇരട്ടി (നാല് റ്റീസ്പൂൺ) ബ്ലീച്ചിംഗ് പൗഡർ ഉപയോഗിക്കേണ്ട താണ്. തുടക്കത്തിൽ ആഴ്ച്ച യിൽ രണ്ട് പ്രാവശ്യം കൂടുമ്പോഴും പിന്നീട് ആഴ്ച്ചയിൽ ഒരിക്കലും മഴക്കാലം തീരുന്നതു വരെ ഈ പ്രക്രീയ തുടരാൻ വീട്ടുകാർക്ക് നിർദ്ദേശം നൽകണം.

g. വീടിന്റെ മുറ്റവും പരിസരവും വെള്ളം കെട്ടി നിൽക്കുന്ന സ്ഥിതിയാണെങ്കിൽ അത് ഒഴുക്കി വിടുകയും ബ്ലീച്ചിംഗ് പൗഡർ വിതറേണ്ട തുമാണ്.

h. ടോയിലെറ്റ് ഉപയോഗിക്കുന്നതിന് മുമ്പ് ഉള്ളിലും ചുറ്റുപാടും ബ്ലീച്ചിംഗ് പൗഡർ വിതറി ശുദ്ധീകരിക്കേണ്ട താണ്.

i. വീട്ടിലുണ്ടാകുന്ന ആഹാരാവശിഷ്ടങ്ങളുൾപ്പടെയുള്ള അഴുകുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് വീടിന് സമീപത്ത് നനവില്ലാത്ത സ്ഥലമുണ്ടെങ്കിൽ കിണ റിൽ നിന്നും മൂന്ന് മീറ്റർ മാറി കമ്പോസ്റ്റ് കുഴി അഥവാ വളക്കുഴി നിർമ്മിച്ച് നൽകേണ്ട താണ്. ഈർപ്പമുള്ള പ്രദേശങ്ങളിൽ ബക്കറ്റ്, മറ്റ് കണ്ടെനറുകൾ ഇവ ഉപയോഗപ്പെടുത്തി അഴുകുന്ന മാലിന്യങ്ങൾ കമ്പോസ്റ്റിംഗ് പ്രക്രിയകൾക്ക് വിധേയമാക്കണം. ഇപ്രകാരം ചെയ്യുമ്പോൾ കമ്പോസ്റ്റിംഗ് പാത്രത്തിൽ ഈർപ്പം അധികം ഉണ്ടെങ്കിൽ കരിയിലപ്പൊടിയോ പേപ്പർ കഷണങ്ങളോ ഈർപ്പം കുറയ്ക്കുന്നതിന് ഉപയോഗിക്കാം . ഇനോക്കുലം, ചാണകപ്പൊടി ഇവ കമ്പോസ്റ്റിംഗ് പ്രക്രിയ വേഗത്തിൽ ആക്കുന്നതാണ്.

j. ക്ലീനിംഗ് നിർവ്വഹണത്തിന് ശേഷം സ്ക്വാഡ് താഴെ പറയുന്ന നിർദ്ദേശ ങ്ങൾ നൽകേണ്ട താണ്.

i) പ്ലാസ്റ്റിക്ക് തുടങ്ങിയ അഴുകാത്ത വസ്തുക്കൾ വൃത്തിയാക്കി ചാക്കുകളിൽ കെട്ടി വയ്ക്കുവാൻ നിർദ്ദേശം നൽകേണ്ടതാണ്. അവ ശേഖരിക്കുന്നതിനുള്ള സംവിധാനം ക്ലീൻ കേരള കമ്പനിയുമായി ചേർന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പിന്നീട് നിർവ്വഹിക്കുന്ന താണ്.

ii) വെള്ളം കെട്ടി നിൽക്കുന്ന സാഹചര്യം പരമാവധി ഒഴിവാക്കിയും , ഈർപ്പമുള്ള സ്ഥല ങ്ങളിൽ ബ്ലീച്ചിംഗ് പൗഡർ വിതറിയും കൊതുക് വളരുന്നതിനും രോഗ സാധ്യത ഇല്ലാതാക്കുന്ന തിനുമുള്ള പ്രവർത്തനങ്ങൾ ഇടക്കിടെ സ്വീകരിക്കണമെന്ന് വീട്ടുകാരെ ബോധ്യപ്പെടുത്തണം.